"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീമതി. അഖില. എൻ പി, ക്ലാർക്ക്, കയർ പ്രോജക്ട് ഓഫീസ്, പൊന്നാനി - പരിവീക്ഷാകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.462/2026/ID തീയതി,തിരുവനന്തപുരം, 21-04-2026

---

പരാമർശം:-

1. 30/10/1989-ലെ സർക്കുലർ നം. 7850/Rules-1)88/P&ARD
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 11/08/2025-ലെ ഡിഐസി/2460/2025-ഇഎ്1 നമ്പർ നടപടിക്രമം
3. വ്യവസായ വാണിജ്യ ഡയറക്ടറുടെ 29/05/2025, 18/07/2025, 12/08/2025 തിയതികളിലെ ഡിഐസി/2460/2025-ഇഎ്1 നമ്പർ കത്തുകൾ

**ഉത്തരവ്**

22/11/2019-ൽ വ്യവസായ വാണിജ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് പൊന്നാനി കയർ പ്രോജക്ട് ഓഫീസിൽ ജോലിയിൽ പ്രവേശിച്ച് സേവനമനുഷ്ഠിച്ചുവരുന്ന കുമാരി. അഖില എൻ. പി (PEN: 877676) നിർബന്ധിത പരീക്ഷയായ MOP പാസായത് ജൂലൈ 2024 നാണെന്നും ആകയാൽ ടി ജീവനക്കാരിയുടെ പരിവീക്ഷാകാലം MOP പരീക്ഷ നടന്ന 14/10/2024-ന് തൊട്ടടുത്ത ദിവസമായ 15/10/2024-ന് പൂർത്തീകരിക്കത്തക്കവിധം ദീർഘിപ്പിച്ച് നല്കണമെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്യുകയും 1960-ലെ കെ.എസ് & എസ് എസ് ആർ ഭാഗം 2 ചട്ടം 21 പ്രകാരം കുമാരി. അഖില എൻ. പി-യുടെ അനുവദനീയമായ പരിവീക്ഷാകാലയളവിൽ നിന്നും ഒരു വർഷകാലയളവിലേയ്ക്ക് (22/11/2022 മുതൽ 21/11/2023 വരെ) ദീർഘിപ്പിച്ച് നല്കി പരാമർശം (2) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യങ്ങൾ പരാമർശം (1) -ലെ സർക്കുലറിന്റെയും 1960-ലെ കെ.എസ് & എസ് എസ് ആർ ഭാഗം 2 ചട്ടം 21 -ന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 22/11/2019-ൽ വ്യവസായ വാണിജ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് പൊന്നാനി കയർ പ്രോജക്ട് ഓഫീസിൽ ജോലിയിൽ പ്രവേശിച്ച് സേവനമനുഷ്ഠിച്ചുവരുന്ന കുമാരി. അഖില എൻ. പി പരിവീക്ഷാകാലയളവായ 21/11/2022 നുള്ളിൽ നിർബന്ധിത പരീക്ഷയായ MOP പാസാകാതിരുന്നതിനെ തുടർന്ന് ടി ജീവനക്കാരിയുടെ പരിവീക്ഷാകാലയളവ് ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയ വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിയ്ക്ക് തുടർച്ചയായി കുമാരി. അഖില എൻ. പി MOP പരീക്ഷ പാസായ പരീക്ഷതീയതിയായ 14/10/2024-ന് തൊട്ടടുത്ത ദിവസമായ 15/10/2024-ന് പൂർത്തീകരിച്ചതായി പ്രഖ്യാപിക്കത്തക്കവണ്ണം പരിവീക്ഷാകാലയളവ് പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി KS&SSR ഭാഗം 2 ചട്ടം 21 പ്രകാരം 16/10/2024 വരെ ദീർഘിപ്പിച്ച് നല്കി

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
കുമാരി. അഖില എൻ. പി (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 21-04-2026 15:07:26